സൂറഃ-8

# അൽ അൻഫാൽ

**32.** അവർ ജൽപിച്ചതും ഓർക്കുക: അല്ലാഹുവേ, ഇത് വാസ്തവത്തിൽ നിന്റെ പക്കൽ നിന്നുള്ള സത്യം തന്നെയാണെങ്കിൽ ഞങ്ങൾക്കുമീതെ മാനത്തുനിന്ന് കൽമഴ വർഷിച്ചുകൊള്ളുക. അല്ലെങ്കിൽ വേദനയേറിയ മറ്റേതെങ്കിലും ശിക്ഷ തന്നുകൊള്ളുക.

وَإِذْ قَالُوا۟ ٱللَّهُمَّ إِن كَانَ هَٰذَا هُوَ ٱلْحَقَّ مِنْ عِندِكَ فَأَمْطِرْ عَلَيْنَا حِجَارَةً
مِّنَ ٱلسَّمَآءِ أَوِ ٱئْتِنَا بِعَذَابٍ أَلِيمٍ ﴿٣٢﴾

**33.** നീ അവരിൽ ഉണ്ടായിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കാൻ പോകുന്നില്ല. അവർ പാപ മോചനം തേടിക്കൊണ്ടിരിക്കെ ശിക്ഷിക്കുകയെന്നത് അല്ലാഹുവിന്റെ വഴക്കവുമല്ല.

وَمَا كَانَ ٱللَّهُ لِيُعَذِّبَهُمْ وَأَنتَ فِيهِمْ ۚ وَمَا كَانَ ٱللَّهُ مُعَذِّبَهُمْ وَهُمْ
يَسْتَغْفِرُونَ ﴿٣٣﴾

**34.** എന്നാൽ ഇപ്പോഴവർ മസ്ജിദുൽ ഹറാമിൽനിന്ന് ജനത്തെ വിലക്കിക്കൊണ്ടിരിക്കെ എന്തിനവരെ ശിക്ഷിക്കാതിരിക്കണം? അവർ ആ മസ്ജിദിന്റെ പരിപാലകരല്ലതാനും. അതിന്റെ പരിപാലകരോ, ദൈവഭക്തന്മാർ മാത്രമാകുന്നു. പക്ഷേ, അവരിലധികമാളുകളും അതറിയുന്നില്ല.

وَمَا لَهُمْ أَلَّا يُعَذِّبَهُمُ ٱللَّهُ وَهُمْ يَصُدُّونَ عَنِ
ٱلْمَسْجِدِ ٱلْحَرَامِ وَمَا كَانُوٓا۟ أَوْلِيَآءَهُۥٓ ۚ إِنْ أَوْلِيَآؤُهُۥٓ إِلَّا ٱلْمُتَّقُونَ وَلَٰكِنَّ
أَكْثَرَهُمْ لَا يَعْلَمُونَ ﴿٣٤﴾

**35.** ഇക്കൂട്ടർ ദൈവമന്ദിരത്തിങ്കൽ നടത്തുന്ന നമസ്കാരം വെറും ചൂളംവിളിയും കൈമുട്ടുമല്ലാതൊന്നുമല്ല. അതിനാൽ ഇപ്പോൾ നിങ്ങൾ സത്യനിഷേധത്തിന്റെ ശിക്ഷ രുചിച്ചുകൊള്ളണം.

وَمَا كَانَ صَلَاتُهُمْ عِندَ ٱلْبَيْتِ إِلَّا مُكَآءً وَتَصْدِيَةً ۚ فَذُوقُوا۟
ٱلْعَذَابَ بِمَا كُنتُمْ تَكْفُرُونَ ﴿٣٥﴾

وَإِذْ قَالُوٓا۟ = അവർ പറഞ്ഞത് (ജൽപിച്ചതും ഓർക്കുക) ٱللَّهُمَّ = അല്ലാഹുവേ إِن كَانَ هَٰذَا = ഇത് ആണെങ്കിൽ
هُوَ ٱلْحَقَّ = സത്യം തന്നെ مِنْ عِندِكَ = നിന്റെ പക്കൽനിന്നുള്ള فَأَمْطِرْ = എങ്കിൽ നീ മഴ വർഷിച്ചുകൊള്ളുക عَلَيْنَا = ഞങ്ങൾക്കു മീതെ
حِجَارَةً = (കല്ലിനാൽ ഉള്ള(കൽമഴ) مِّنَ ٱلسَّمَآءِ = മാനത്തുനിന്ന് أَوِ ٱئْتِنَا = അല്ലെങ്കിൽ ഞങ്ങൾക്കു നൽകിക്കൊള്ളുക
بِعَذَابٍ = (മറ്റേതെങ്കിലും) ശിക്ഷ أَلِيمٍ = വേദനയേറിയ وَمَا كَانَ ٱللَّهُ = (അല്ലാഹു പോകുന്നില്ല) അല്ലാഹു ആയിട്ടില്ല, അത് ഉചിതമല്ല
لِيُعَذِّبَهُمْ = അവരെ ശിക്ഷിക്കു(ക്കാൻ)ന്നതിന് وَأَنتَ فِيهِمْ = നീ അവരിൽ ഉണ്ടായിരിക്കെ
وَمَا كَانَ ٱللَّهُ = അല്ലാഹു ആയിട്ടില്ല, വിന്റെ വഴക്കമല്ല مُعَذِّبَهُمْ = അവരെ ശിക്ഷി(ക്കുകയെന്നതും)ക്കുന്നവൻ
وَهُمْ يَسْتَغْفِرُونَ = അവർ പാപമോചനം തേടിക്കൊണ്ടിരിക്കെ وَمَا لَهُمْ = (എന്തിനു) അവർക്കെന്ത്
أَلَّا يُعَذِّبَهُمُ ٱللَّهُ = (ഇപ്പോൾ) അല്ലാഹു അവരെ ശിക്ഷിക്കാതിരി(ക്കണം)ക്കാൻ
وَهُمْ يَصُدُّونَ = (ജനത്തെ) അവർ വിലക്കിക്കൊണ്ടിരിക്കെ عَنِ ٱلْمَسْجِدِ ٱلْحَرَامِ = മസ്ജിദുൽ ഹറാമിൽനിന്ന്
وَمَا كَانُوٓا۟ = (അല്ലതാനും) അവർ ആയിട്ടില്ല أَوْلِيَآءَهُۥٓ = അതിന്റെ പരിപാലകർ, കൈകാര്യാധികാരികൾ
إِنْ أَوْلِيَآؤُهُۥٓ = അതിന്റെ പരിപാലകർ(രോ)അല്ല إِلَّا ٱلْمُتَّقُونَ = ദൈവഭക്തന്മാർ(മാത്രമാകുന്നു)അല്ലാതെ وَلَٰكِنَّ = പക്ഷേ
أَكْثَرَهُمْ = അവരിലധികമാളുകളും لَا يَعْلَمُونَ = അറിയുന്നില്ല وَمَا كَانَ صَلَاتُهُمْ = അവരുടെ നമസ്കാരം ആയിട്ടില്ല(ഒന്നുമല്ല)

عِندَ ٱلْبَيْتِ= ദൈവമന്ദിരത്തിങ്കൽ إِلَّا مُكَآءً= (വെറും) ചൂളംവിളിയല്ലാതെ وَتَصْدِيَةً= കൈമുട്ടും അല്ലാതെ

فَذُوقُوا۟ ٱلْعَذَابَ= അതിനാൽ(ഇപ്പോൾ) നിങ്ങൾ ശിക്ഷ രുചിച്ചുകൊള്ളണം

بِمَا كُنتُمْ تَكْفُرُونَ= നിങ്ങൾ സത്യത്തെ നിഷേധിച്ചിരുന്നതുകൊണ്ട് (സ്വന്തം സത്യനിഷേധത്തിന്റെ)

**32:** ഖുർആനെയും പ്രവാചകനെയും നിഷേധിച്ച ഖുറൈശികളെ ഉദ്ധരിക്കുന്ന ഈ വചനം, ശൈലിയിൽ പ്രാർഥനയാണെങ്കിലും യഥാർഥത്തിൽ കടുത്ത നിഷേധവും വെല്ലുവിളിയുമാണ്. മുഹമ്മദ്(സ) പ്രവാചകനോ ഖുർആൻ ദൈവിക വചനമോ ആണെന്നു സമ്മതിക്കാൻ ഞങ്ങൾ ഒരിക്കലും തയാറല്ല എന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയാണവർ. പ്രവാചകന്റെയും ഖുർആന്റെയും കാര്യത്തിൽ നേരിയ സന്ദേഹമെങ്കിലുമുണ്ടായിരുന്നുവെങ്കിൽ 'ദൈവമേ, ഇത് സത്യം തന്നെയാണെങ്കിൽ ഞങ്ങളെ നീ അതിലേക്കു നയിക്കേണമേ' എന്നായിരുന്നു അവർ പ്രാർഥിക്കുക. ഇതു ദൈവിക വചനമല്ലെന്നും, അതിനെ നിഷേധിച്ചതുകൊണ്ട് ഒരു ചുക്കും സംഭവിക്കാനില്ലെന്നും മാത്രമല്ല, നിഷേധിക്കുക തങ്ങളുടെ ബാധ്യതയാണെന്നും കരുതുന്നതുകൊണ്ടാണ്, ഇതു സത്യമാണെങ്കിൽ നിഷേധത്തിന്റെ പേരിൽ ദൈവം തങ്ങളെ ശിക്ഷിച്ചുകൊള്ളട്ടെ എന്നു വെല്ലുവിളിക്കുന്നത്. ഇങ്ങനെ ജൽപിച്ചിരുന്നത് നള്റുബ്നു ഹാരിഥ് ആയിരുന്നുവെന്ന് മുജാഹിദും സഈദുബ്നു ജുബൈറും അബൂജഹ്ൽ ആയിരുന്നുവെന്ന് അനസുബ്നു മാലികും പ്രസ്താവിക്കുന്നുണ്ട്. ആദ്യം ഈ വെല്ലുവിളിയുയർത്തിയത് ആ രണ്ടുപേരിലൊരാളോ രണ്ടു പേരുമോ ആയിരിക്കാം. എങ്കിലും സമൂഹം പൊതുവിൽ അതേറ്റെടുത്തിരുന്നു. അതുകൊണ്ടാണ് ഖുർആൻ അതിനെക്കുറിച്ച് 'അവർ ജൽപിച്ചു' എന്നു സമൂഹത്തിലേക്കു ചേർത്തു പറഞ്ഞത്.

ഈ വെല്ലുവിളിയിൽ കൽമഴയെ പരാമർശിച്ചതിന്റെ പശ്ചാത്തലം, പ്രവാചകാഗമനത്തിന്റെ കുറേവർഷം മുമ്പ് യമൻ രാജാവ് അബ്റഹത്ത് കഅ്ബ തകർക്കാൻ അയച്ച ആനപ്പടയെ അല്ലാഹു പക്ഷികളിലൂടെ കല്ലെറിഞ്ഞു നശിപ്പിച്ച സംഭവത്തിന്റെ ഓർമയാണ്. ദൈവദൂതന്മാരെ ധിക്കരിച്ച ചില പൂർവ സമുദായങ്ങളെ അല്ലാഹു ആകാശത്തുനിന്ന് ശിലകൾ വർഷിച്ച് നശിപ്പിച്ച കഥകൾ അവർ കേട്ടിട്ടുണ്ടായിരുന്നുവെന്നും അതുകൊണ്ടാണ് ശിലാവർഷം പരാമർശിച്ചതെന്നും വ്യാഖ്യാനിച്ച പണ്ഡിതരുമുണ്ട്.

**33:** മുകളിലുദ്ധരിച്ച വെല്ലുവിളിക്ക് അല്ലാഹുവിങ്കൽനിന്നുള്ള മറുപടിയാണിത്. അതോടൊപ്പം പ്രവാചകന്നുള്ള സാന്ത്വനവുമായതുകൊണ്ടാണ് 'നീ' എന്ന് പ്രവാചകനെ സംബോധനചെയ്തുകൊണ്ടരുളിയത്. താൽപര്യമിതാണ്: അല്ലാഹു ഒരു ജനതയെ ശിക്ഷിക്കുന്നതിന് ചില നടപടിക്രമങ്ങളുണ്ട്. അസത്യത്തിലും അധർമത്തിലും ആണ്ടുപോയവർക്ക് സത്യവും ധർമവും കണ്ടെത്താനും അതിലേക്ക് തിരിച്ചുവരാനുമുള്ള സൗകര്യങ്ങൾ ഒരുക്കികൊടുത്തുകൊണ്ട് അവരെ പ്രബോധനം ചെയ്യുക എന്നത് അതിന്റെ ഭാഗമാണ്. അതിനു വേണ്ടിയാണ് പ്രവാചകന്മാർ നിയുക്തരാകുന്നത്. ഒരു ദിവസം ദൈവദൂതൻ വന്ന് 'അല്ലാഹുവിലേക്ക് മടങ്ങുവിൻ' എന്ന് വിളംബരം ചെയ്ത് അതു സ്വീകരിക്കപ്പെട്ടില്ലെങ്കിൽ പിറ്റേന്ന് ആ ജനതയെ നശിപ്പിച്ചുകളയുക എന്നത് അല്ലാഹുവിന്റെ രീതിയല്ല. പ്രവാചക സന്ദേശങ്ങൾ വിശദമായി ഗ്രഹിക്കാനും സംശയങ്ങൾ ദൂരീകരിക്കാനും വീണ്ടുവിചാരം നടത്താനും സ്വയം സംസ്കരിക്കാനുമെല്ലാം അവൻ മതിയായ സാവകാശം നൽകുന്നു. അതെല്ലാം പൂർത്തിയാകുന്നതുവരെ അവിവേകികളുടെ ആക്ഷേപങ്ങളും പരിഹാസങ്ങളും ആക്രോശങ്ങളും ക്ഷമാപൂർവം നേരിട്ടുകൊണ്ട് പ്രവാചകൻ പ്രബോധനം തുടർന്നുകൊണ്ടിരിക്കണം. പ്രവാചകൻ പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്ന ആ ജനം ശിക്ഷിക്കപ്പെടുകയില്ല. പ്രവാചകൻ ദീർഘകാലം യുക്തമായ എല്ലാ മാർഗങ്ങളുമുപയോഗിച്ച് പ്രബോധനം ചെയ്താലും ചില സമുദായങ്ങൾ അസത്യത്തിലും അധർമത്തിലും ഉറച്ചു നിൽക്കുന്നു. ചിലപ്പോൾ വിരലിലെണ്ണാവുന്ന ആളുകൾ മാത്രം അവരെ അംഗീകരിക്കുകയും സമുദായത്തിലെ മഹാഭൂരിപക്ഷം ധിക്കരിക്കുകയും ചെയ്യുന്നു. അങ്ങനെ നന്മയുടെ യാതൊരംശവും ആ സമുദായത്തിൽ അവശേഷിക്കുന്നില്ലെന്നും അവർ മാത്രമല്ല, അവരുടെ പാരമ്പര്യം വഹിക്കുന്ന പിൻതലമുറകൾ പോലും ഇതര സമുദായങ്ങൾക്ക് ദോഷവും ആപത്തുമാണെന്നും ആ സമുദായം സ്വയം സ്ഥിരപ്പെടുത്തുന്നു. അപ്പോൾ പ്രവാചകനോടും അദ്ദേഹത്തെ അംഗീകരിച്ചവരോടും ആ നാടു വിട്ടുപോകാൻ കൽപിക്കുന്നു. ഹൂദ്, സ്വാലിഹ്, ലൂത്ത് തുടങ്ങിയ പ്രവാചകന്മാരുടെ സമുദായത്തെ ഉന്മൂലനം ചെയ്യാൻ തീരുമാനിച്ചപ്പോൾ ആ പ്രവാചകന്മാരോട് അവരുടെ അനുയായികളെയുംകൂട്ടി നാടുവിടാൻ കൽപിച്ചതായി ഖുർആൻ സൂക്തങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്. അവരെല്ലാം ഒഴിഞ്ഞുപോയി, നാട് ദുഷ്ടജനത്തിന്റേതു മാത്രമായിത്തീരുമ്പോഴാണ് ശിക്ഷയിറക്കുന്നത്. അതാണ് അല്ലാഹുവിന്റെ നടപടിക്രമം. സമുദായത്തിന്റെ സമീപനം എത്ര നിഷേധാത്മകവും അക്രമാസക്തവുമായിരുന്നാലും അല്ലാഹു കൽപിക്കുന്നതുവരെ പ്രവാചകൻ ആ ജനത്തെ വെടിഞ്ഞു പോകാൻ പാടില്ല. പ്രവാചകന്റെ സാന്നിധ്യമുള്ള ജനത പ്രത്യക്ഷത്തിൽ എത്ര ദുഷിച്ചതായാലും നശിപ്പിക്കപ്പെടേണ്ട പതനത്തിലെത്തിയിട്ടുമില്ല.

മുഹമ്മദ്(സ) മക്കയിൽ പ്രബോധനത്തിലേർപ്പെട്ടിരുന്ന പതിമൂന്നു വർഷക്കാലം അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം രൂക്ഷമായ പീഡനകാലമായിരുന്നു. മക്കയിലെ അധാർമികവും അസത്യജടിലവുമായ പൊതുജീവിതത്തിൽ കാര്യമായ ഒരു മാറ്റവുമുണ്ടായില്ല. പ്രവാചകനോടും മുസ്‌ലിംകളോടുമുള്ള വിരോധവും മർദനങ്ങളും നാൾക്കുനാൾ ശക്തിപ്പെട്ടുകൊണ്ടിരുന്നു. ദൈവിക ശിക്ഷയെക്കുറിച്ചു ഭയപ്പെടുത്തുമ്പോൾ, എങ്കിൽ ആ ശിക്ഷയിങ്ങ് കൊണ്ടുവന്നാട്ടെ എന്നവർ ആവർത്തിച്ചു വെല്ലുവിളിക്കുകയായിരുന്നു. എന്നിട്ടും അല്ലാഹു അവരെ ശിക്ഷിക്കുകയുണ്ടായില്ല. ക്ഷമയോടെ പ്രബോധനം തുടരാൻ പ്രവാചകനോടു കൽപിക്കുകയായിരുന്നു. മർദനം സഹിക്കാനാവാത്ത വിശ്വാസികളെ മറ്റു ദേശങ്ങളിലേക്ക് പലായനം ചെയ്യാൻ ഉപദേശിച്ചു. ഒടുവിൽ പ്രവാചകനു നേരെ വധഗൂഢാലോചന മുറുകിയപ്പോൾ അദ്ദേഹത്തിനോടും ഹിജ്റ കൽപിച്ചു. പക്ഷേ, നേരത്തേ സൂചിപ്പിച്ച പ്രവാചകന്മാരുടെ അനുഭവങ്ങളിൽനിന്ന് ഭിന്നമായി, മുഹമ്മദ്(സ)യുടെ തിരോധാനത്തെ തുടർന്ന് ഖുറൈശികൾ നശിപ്പിക്കപ്പെട്ടില്ല. അതെന്തുകൊണ്ടായിരുന്നു എന്നാണ് وَمَا كَانَ ٱللَّهُ مُعَذِّبَهُمْ وَهُمْ يَسْتَغْفِرُونَ (അവർ പാപമോചനം തേടിക്കൊണ്ടിരിക്കെ ശിക്ഷിക്കുകയെന്നതു അല്ലാഹുവിന്റെ വഴക്കമല്ല) എന്ന വാക്യം വിശദീകരിക്കുന്നത്. പ്രവാചകൻ മദീനയിലേക്കു പോയശേഷവും മക്കയിൽ തങ്ങാൻ നിർബന്ധിതരായ പല വിശ്വാസികളുമുണ്ടായിരുന്നു. ചിലരുടെ ഹിജ്റ ഖുറൈശികൾ ബലാൽക്കാരം തടയുകയായി

രുന്നു. ചിലർക്ക് കുടുംബപരവും സാമ്പത്തികവുമായ പ്രശ്ന ങ്ങളുണ്ടായിരുന്നു. ഇങ്ങനെ മക്കയിൽ തങ്ങിയ വിശ്വാസികൾ അവിടെ അല്ലാഹുവിനോട് പ്രാർഥിക്കുകയും പാപമോചനം തേടുകയും ചെയ്തുകൊണ്ടിരുന്നു. ഹിജറ ചെയ്യാതിരുന്നത് തങ്ങളുടെ പേരിൽ ഒരു കുറ്റമായി ചാർത്തരുതേ എന്നും അവർ പ്രാർഥിച്ചിരുന്നു. അത്തരം ആളുകളുള്ള സമുദായത്തെയും ശിക്ഷിക്കാതിരിക്കുക എന്നതാണ് അല്ലാഹുവിന്റെ ചര്യ.

وَهُمْ يَسْتَغْفِرُونَ -അവർ പാപമോചനം തേടിക്കൊണ്ടിരിക്കെ- എന്നതിലെ هُمْ -അവർ- കൊണ്ടുദ്ദേശ്യം ബഹുദൈവാരാധകരായ ഖുറൈശികൾ തന്നെയാണെന്നും ഒരഭിപ്രായമുണ്ട്. പല ദൈവങ്ങളിൽ വിശ്വസിച്ചിരുന്നുവെങ്കിലും എല്ലാവർക്കും മീതെയുള്ളവനാണ് അല്ലാഹു- സാക്ഷാൽ ദൈവം എന്നും അവർ കരുതിയിരുന്നു. സന്ദിഗ്ധ ഘട്ടങ്ങളിലൊക്കെ അവർ വിളിച്ചു പ്രാർഥിക്കാറുള്ളത് അല്ലാഹുവിനെയാണെന്ന് ഖുർആൻ പല സന്ദർഭങ്ങളിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അറേബ്യൻ മുശ്രിക്കുകൾ കഅ്ബയെ പ്രദക്ഷിണം ചെയ്യുമ്പോൾ പാപമോചനത്തിനായി പ്രാർഥിച്ചിരുന്നത് അല്ലാഹുവിനോടായിരുന്നു. വികലമായതെങ്കിലും ഒരു ഏക ദൈവവിശ്വാസം -നന്മയുടെ നേരിയ ഒരംശം- അവരിൽ അവശേഷിക്കുന്നുവെന്നാണതു സൂചിപ്പിക്കുന്നത്. അത്തരം സമുദായങ്ങളെയും അല്ലാഹു ഈ ലോകത്ത് ശിക്ഷിക്കുകയില്ല. അവരിലുള്ള നന്മയുടെ കണിക ഉണരാനും വളരാനും അവൻ അവസരം നൽകുന്നു. ഇങ്ങനെ അവസരം നൽകിയതിന്റെ ഫലമായിട്ടാണ് ഖുറൈശികളും അവരുടെ പിൻഗാമികളുമെല്ലാം പിൽക്കാലത്ത് ഇസ്ലാമിന്റെ വാഹകരും പ്രചാരകരുമായിത്തീർന്നത്.

അബ്ദുല്ലാഹിബ്നു അബ്ബാസിൽനിന്ന് ഇബ്നു അബീഹാതിം ഉദ്ധരിക്കുന്നു: ബഹുദൈവ വിശ്വാസികൾ കഅ്ബ പ്രദക്ഷിണം ചെയ്യുമ്പോൾ غفرانك غفرانك (നിന്നോട് -അല്ലാഹുവിനോട്- പാപമോചനം തേടുന്നു -നിന്നോട് പാപമോചനം തേടുന്നു) എന്ന് പ്രാർഥിക്കാറുണ്ടായിരുന്നു. അതേക്കുറിച്ചാണ് അല്ലാഹു وَمَا كَانَ ٱللَّهُ لِيُعَذِّبَهُمْ എന്ന സൂക്തം അവതരിപ്പിച്ചത്. പാപമോചന പ്രാർഥന കൊടിയ ധിക്കാരികളിൽനിന്നുണ്ടായാലും അതുവഴി ചില ദോഷങ്ങളും പീഡനങ്ങളും തടയപ്പെടും. ഇബ്നു അബ്ബാസ് ഇങ്ങനെയും പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: ആ ജനത്തിന് രണ്ടു രക്ഷാ കവചമുണ്ടായിരുന്നു. ഒന്ന്, അല്ലാഹുവിന്റെ പ്രവാചകൻ. രണ്ട്, പാപമോചന പ്രാർഥന. അല്ലാഹുവിന്റെ പ്രവാചകൻ കടന്നുപോയി. പാപമോചന പ്രാർഥന -استغفار- അന്ത്യനാൾ വരെ നിലനിൽക്കും.

അല്ലാഹുവിനോട് പാപമോചനം തേടുന്നവരുടെ സാന്നിധ്യം ഏതു സമൂഹത്തിനും ദൈവിക ശിക്ഷയിൽനിന്നുള്ള രക്ഷാകവചമായിരിക്കുമെന്ന് ഈ സൂക്തത്തെ ആധാരമാക്കി പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. وَهُمْ يَسْتَغْفِرُونَ എന്ന വാക്യത്തിന് മുസ്ലിംകൾ ആയിക്കൊണ്ടിരിക്കെ എന്നും ചിലർ അർഥം കൽപിക്കുന്നുണ്ട്. അതനുസരിച്ച് യഥാർഥ മുസ്ലിംകളുടെ സാന്നിധ്യമുള്ളതോ ആളുകൾ ഇസ്ലാമിലേക്ക് വന്നുകൊണ്ടിരിക്കുന്നതോ ആയ ഒരു സമൂഹത്തെ അല്ലാഹു നശിപ്പിച്ചു കളയുകയില്ല. ഖുറൈശികൾ അവരുടെ എല്ലാ ദൂഷ്യങ്ങളുമുള്ളതോടൊപ്പം ഈ രണ്ട് ഗുണങ്ങൾ കൂടി ഉള്ളവരായിരുന്നു. അന്ത്യനാൾ വരെ ഈ ഗുണങ്ങളുള്ള സമുദായങ്ങളെ അല്ലാഹു ഉന്മൂലനം ചെയ്യുന്നവനല്ല.

**34:** ഈ സൂക്തം പരാമർശിക്കുന്ന ശിക്ഷ-عذاب-യെ മുൻ സൂക്തങ്ങളിൽ പറഞ്ഞ ശിക്ഷയിൽനിന്ന് വ്യത്യസ്തമായ അർഥത്തിലാണ് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ രണ്ടു സൂക്തങ്ങളിൽ പറഞ്ഞ ശിക്ഷകൊണ്ടുദ്ദേശ്യം ഉന്മൂല നാശമാണ്. അത് സംഭവിച്ചു കഴിഞ്ഞാൽ ആ സമുദായത്തിന്റെ കഥ കഴിഞ്ഞു. അങ്ങനെയൊരു സമുദായം ഇന്നലെവരെ നിലനിന്നിരുന്നതായേ തോന്നുകയില്ല -كأن لم تغن بالأمس. ഈ സൂക്തം സൂചിപ്പിക്കുന്ന ശിക്ഷ -عذاب- ഉന്മൂല നാശത്തിന്റേതല്ല; താരതമ്യേന ലഘുവാണ്. ഈ ശിക്ഷ അനുഭവിച്ചു കഴിഞ്ഞാലും സമുദായം നിലനിൽക്കും. ശിക്ഷയുടെ രുചി അവരിൽ കുറേപ്പേരെയെങ്കിലും ചിന്തിക്കാനും സ്വയം വിചാരണ ചെയ്യാനും പ്രേരിപ്പിക്കുകയും ചെയ്യും.

ബദ്റിൽ ഖുറൈശികൾക്കേറ്റ പരാജയവും ക്ഷതങ്ങളും ഈ വിധത്തിലുള്ള ശിക്ഷയാണെന്ന് സൂചിപ്പിക്കുകയാണ് സൂക്തത്തിന്റെ ആദ്യഖണ്ഡം. ഇബ്റാഹീം നബിയുടെ പിന്മുറക്കാരും ഹറമിലെ നിവാസികളും കഅ്ബയുടെ പരിചാരകരുമൊക്കെയായ തങ്ങൾ അല്ലാഹുവിന്റെ ഉറ്റവരും ഇഷ്ടജനങ്ങളുമാണ്. കഅ്ബയെ പരിരക്ഷിക്കുകയും ആരാധനകൾ നടത്തുകയും ചെയ്യുന്നതിലൂടെ അല്ലാഹുവിന്റെ നിത്യസേവകരായ തങ്ങളൊരിക്കലും ശിക്ഷാർഹരാകുന്നില്ല. യഹൂദരും നസ്രായരും ബ്രാഹ്മണരുമൊക്കെ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ പങ്കിടുന്നതാണ് ഈ വ്യാമോഹം. ഇന്ന് മുസ്ലിംകളിൽ ചിലരെയും ബാധിച്ചിട്ടുണ്ട് ഈ വികലധാരണ. خير أمة -ഉത്തമ സമൂഹ-മായി തെരഞ്ഞെടുക്കപ്പെട്ടതിനാൽ തങ്ങൾ ഉന്നതരും ദൈവത്തിന്റെ പ്രത്യേക സംരക്ഷണമുള്ള ശിക്ഷാമുക്തരുമാണെന്നാണ് സങ്കൽപം. خير أمة എന്ന അഭിധാനമാകട്ടെ ഏതെങ്കിലും വർഗത്തിനോ വംശത്തിനോ നൽകിയിട്ടുള്ളതല്ല. വിശ്വാസത്തിന്റെയും കർമത്തിന്റെയും അടിസ്ഥാനത്തിൽ മാത്രം ലഭിക്കുന്ന പദവിയാണത്.

കഅ്ബയുടെ മേൽനോട്ടക്കാരായതിനാൽ വിശുദ്ധരാക്കപ്പെട്ടവരാണ് തങ്ങളെന്നായിരുന്നു ഖുറൈശികളുടെ നിലപാട്. പക്ഷേ, കഅ്ബയുടെ സംരക്ഷണം പോലും നേരെ ചൊവ്വേയല്ല അവർ നടത്തിയിരുന്നത്. കഅ്ബാ സംരക്ഷണത്തെക്കുറിച്ച് ഇബ്റാഹീമിനോടും ഇസ്മാഈലിനോടും(അ) അല്ലാഹു പറഞ്ഞത്:

وَعَهِدْنَآ إِلَىٰٓ إِبْرَٰهِـۧمَ وَإِسْمَـٰعِيلَ أَن طَهِّرَا بَيْتِىَ لِلطَّآئِفِينَ وَٱلْعَـٰكِفِينَ

وَٱلرُّكَّعِ ٱلسُّجُودِ

(ഇബ്റാഹീമിനോടും ഇസ്മാഈലിനോടും നാം അനുശാസിച്ചു: 'ഇരുവരും എന്റെ മന്ദിരത്തെ പ്രദക്ഷിണക്കാർക്കും ഭജനമിരിക്കുന്നവർക്കും കുനിഞ്ഞും പ്രണമിച്ചും പ്രാർഥിക്കുന്നവർക്കും വേണ്ടി ശുദ്ധീകരിച്ചു വെക്കുക' - 2:125). സൂറഃ *അൽ ഹജ്ജി*ന്റെ 26-ാം സൂക്തത്തിലും ഇതേകാര്യം അനുസ്മരിക്കുന്നുണ്ട്. ദൈവഭക്തന്മാർക്ക് ദൈവികമന്ദിരം ശുദ്ധീകരിച്ചു സംരക്ഷിക്കുകയും സൗകര്യങ്ങളൊരുക്കിക്കൊടുക്കുകയുമാണ് ഇബ്റാഹീമും ഇസ്മാഈലും(അ) ഏറ്റെടുത്ത ചുമതല. അവരുടെ പിൻഗാമികളായ ഖുറൈശികളിൽ വന്നുചേർന്നിട്ടുള്ളതും അതേ ചുമതലയാണ്.

പക്ഷേ, ഖുറൈശികൾ തങ്ങളെ കഅ്ബയുടെ പരിചാരകരായിട്ടല്ല പരമാധികാരികളായിട്ടാണ് കാണുന്നത്. ഇഷ്ടമുള്ളവരെ ഹറമിൽ പ്രവേശിപ്പിക്കാനും ഇഷ്ടമുള്ളവരെ വിലക്കാനും തങ്ങൾക്കധികാരമുണ്ടെന്ന് അവർ കരുതുന്നു. ഹറമിൽ എങ്ങനെ പെരുമാറണമെന്നും ആരാധനകൾ നടത്തണമെന്നും നിശ്ചയിക്കാനുള്ള അധികാരവും അവർ കൈകാര്യം ചെയ്യുന്നു. എല്ലാം തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾക്കൊത്ത വിധം കൈയാളുന്നു. മുസ്ലിംകൾക്ക് കഅ്ബ വിലക്കപ്പെട്ടിരി

ക്കുന്നു. യഥാർഥത്തിൽ കഅ്ബ ഏകദൈവവിശ്വാസികളുടെ മാത്രം ആരാധനാലയമാണ്. ഏകദൈവാരാധനക്കുവേണ്ടി മാത്രമാണ് ഏകനായ അല്ലാഹു അത് നിർമിക്കാൻ കൽപിച്ചത്. ഏകദൈവാരാധകരുടെ സുരക്ഷിതവും നിർഭയവുമായ കേന്ദ്രമാണത്. കഅ്ബ നിർമിച്ചപ്പോൾ ഇബ്റാഹീം(അ) നടത്തിയ പ്രാർഥന ഖുർആൻ ഉദ്ധരിക്കുന്നു:

وَٱجْنُبْنِى وَبَنِىَّ أَن نَّعْبُدَ ٱلْأَصْنَامَ ﴿٣٥﴾ رَبِّ إِنَّهُنَّ أَضْلَلْنَ كَثِيرًا مِّنَ

ٱلنَّاسِ ۖ فَمَن تَبِعَنِى فَإِنَّهُۥ مِنِّى ۖ وَمَنْ عَصَانِى فَإِنَّكَ غَفُورٌ رَّحِيمٌ ﴿٣٦﴾

(നാഥാ, ഈ വിഗ്രഹങ്ങൾ പെരുത്തു മനുഷ്യരെ വഴിതെറ്റിച്ചിരിക്കുന്നു. എന്നാൽ എന്നെ പിന്തുടർന്നവർ മാത്രമാകുന്നു, എന്നിൽ പെട്ടവർ. എന്നെ ധിക്കരിച്ചവനോ, നീ ഏറെ പൊറുക്കുന്നവനും കരുണാമയനുമല്ലോ-14:35,36). ഖുറൈശികൾ ചെയ്യുന്നതെന്താണ്. ഇബ്റാഹീം(അ)തന്നെയും സന്തതികളെയും അകറ്റേണമെന്ന് അല്ലാഹുവിനോട് പ്രാർഥിച്ച അതേ വിഗ്രഹങ്ങളെ കഅ്ബയിൽ പ്രതിഷ്ഠിച്ച് അതിനെ അശുദ്ധമാക്കി. അവർ ഇബ്റാഹീമി(അ)നെ പിന്തുടർന്നില്ല, ധിക്കരിച്ചു. ഭക്തജനങ്ങളെ കഅ്ബയിൽനിന്ന് തടയുകയും ചെയ്തു. ദൈവമന്ദിരത്തിൽനിന്ന് ഭക്തന്മാരെ തടഞ്ഞു എന്നതുതന്നെ അവരെ ദൈവശിക്ഷക്കർഹരാക്കാൻ മതിയായ കുറ്റമാണ്.

തങ്ങൾ കഅ്ബയുടെ രക്ഷാധികാരികളാണ് എന്ന അഹന്തയിലാണവരിതൊക്കെ ചെയ്യുന്നത്. വാസ്തവത്തിൽ ഇത്തരം ധിക്കാരങ്ങളനുവർത്തിക്കുന്നവർ ഒരിക്കലും കഅ്ബയുടെ സംരക്ഷകരോ സേവകരോ ആകാൻ യോഗ്യരല്ല. ധിക്കാരികൾക്കും അധർമകാരികൾക്കും പറഞ്ഞതല്ല കഅ്ബ പരിപാലനം. അവരുടെ കൈവശമുള്ളത് ഒരു കുടുംബ പാരമ്പര്യം മാത്രമാണ്. അല്ലാതെ, അല്ലാഹു അവന്റെ നിയമപ്രകാരം അവരെ ഏൽപിച്ച പരിപാലനാധികാരമല്ല. അല്ലാഹുവിന്റെ നിയമപ്രകാരം കഅ്ബയുടെ പരിപാലനത്തിന് യോഗ്യരായവർ അവനോട് ഭക്തിയുള്ളവർ - ٱلْمُتَّقُونَ - മാത്രമാകുന്നു. ഇവിടെ വിശ്വാസികൾ - مُؤْمِنُونَ - എന്നോ മുസ്ലിംകൾ - مُسْلِمُونَ - എന്നു പറയാതെ متقين എന്നുതന്നെ പറഞ്ഞത് ശ്രദ്ധേയമാണ്. ഭക്തിയില്ലെങ്കിൽ മുസ്ലിംകളും മുഅ്മിനുകളുംപോലും കഅ്ബയുടെ പരിപാലനത്തിന് യോഗ്യരല്ല എന്നാണതിന്റെ സൂചന. അവിശ്വാസികളും അധർമകാരികളും കഅ്ബയുടെ പരിപാലനത്തിന് ഒരിക്കലും യോഗ്യരല്ലെന്നും ദൈവഭക്തന്മാർ മാത്രമാണ് അതിന് യോഗ്യരെന്നുമുള്ള യാഥാർഥ്യം അവരിലധികമാളുകളും മനസ്സിലാക്കുന്നില്ല. അതുകൊണ്ടാണവർ കഅ്ബയുടെ രക്ഷാധികാരത്തിൽ സ്വയം ഊറ്റം കൊള്ളുന്നത്. പരിപാലകർ ഭക്തന്മാരായിരിക്കണം എന്ന നിബന്ധന മസ്ജിദുൽ ഹറാമിനു മാത്രമുള്ളതല്ല. മുസ്ലിംകളുടെ എല്ലാ പള്ളികൾക്കും അതു ബാധകമാണ്. സൂറഃ അത്തൗബ 17, 18 സൂക്തങ്ങളിൽ ഇങ്ങനെ പറയുന്നുണ്ട്:

مَا كَانَ لِلْمُشْرِكِينَ أَن يَعْمُرُوا۟ مَسَـٰجِدَ ٱللَّهِ .............

إِنَّمَا يَعْمُرُ مَسَـٰجِدَ ٱللَّهِ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ وَأَقَامَ ٱلصَّلَوٰةَ

وَءَاتَى ٱلزَّكَوٰةَ وَلَمْ يَخْشَ إِلَّا ٱللَّهَ ۖ

'ബഹുദൈവാരാധകർക്ക് അല്ലാഹുവിന്റെ മസ്ജിദുകൾ പരിപാലിക്കാൻ അവകാശമില്ല.... അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സകാത്തു കൊടുക്കുകയും ചെയ്യുന്നവരും അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയപ്പെടാത്തവരും മാത്രമാകുന്നു പള്ളികൾ പരിപാലിക്കേണ്ടത്.' മുസ്ലിം സമുദായം പലപ്പോഴും ഈ നിർദേശം പരിഗണിക്കാറില്ല. പാരമ്പര്യത്തിന്റെയും നാട്ടുപ്രമാണിത്തത്തിന്റെയും പേരിൽ, ഖുർആൻ പറഞ്ഞ യോഗ്യതകളൊന്നുമില്ലാത്തവർ പള്ളികളുടെ മുതവല്ലിമാരും കമ്മിററി പ്രസിഡന്റുമാരും സെക്രട്ടറിയുമായി നിശ്ചയിക്കപ്പെടുക നമ്മുടെ നാട്ടിൽ സാധാരണമാണ്. ചിലപ്പോൾ അല്ലാഹുവിന്റെ പള്ളി വ്യക്തികളുടെയോ അവരുൾപ്പെട്ട സംഘടനകളുടെയോ പള്ളിയായി മാറ്റപ്പെടുന്നുമുണ്ട്. അങ്ങനെ ചിലർക്ക് പള്ളിയിൽ പ്രവേശനം വിലക്കപ്പെടുന്നു. അതിന്റെ പേരിൽ പള്ളികൾ പൂട്ടിയിടുകയും അടിപിടിയും കൊലപാതകവും വരെ അരങ്ങേറുകയും ചെയ്യുന്നു.

**35:** വിഗ്രഹാരാധകർ കഅ്ബയുടെ പരിപാലനത്തിന് യോഗ്യരല്ല എന്നതിന് മറ്റൊരു ന്യായം കൂടി ചൂണ്ടിക്കാണിക്കുകയാണ്. ദൈവ മന്ദിരത്തെ വേണ്ടവണ്ണം പരിചരിക്കുന്നില്ല എന്നതിനു പുറമെ ആ മന്ദിരത്തിന്റെ നിർമാണ ലക്ഷ്യമായ ദൈവാരാധനയും അവരവിടെ വേണ്ടവണ്ണം നടത്തുന്നില്ല. ഇബ്റാഹീം(അ) തന്റെ സന്തതികളെ മക്കയിൽ അധിവസിപ്പിക്കുമ്പോൾ പ്രാർഥിച്ചതിങ്ങനെയാണ്:

رَّبَّنَآ إِنِّىٓ أَسْكَنتُ مِن ذُرِّيَّتِى بِوَادٍ غَيْرِ ذِى زَرْعٍ عِندَ بَيْتِكَ ٱلْمُحَرَّمِ

رَبَّنَا لِيُقِيمُوا۟ ٱلصَّلَوٰةَ

'ഞങ്ങളുടെ നാഥാ, ഞാനെന്റെ സന്തതികളിലൊരുവിഭാഗത്തെ കൃഷിയില്ലാത്ത ഒരു താഴ്വരയിൽ, നിന്റെ വിശുദ്ധ മന്ദിരത്തിങ്കൽ പാർപ്പിച്ചിരിക്കുന്നു. നാഥാ, അവർ അവിടെ നമസ്കാരം മുറപ്രകാരം നിലനിർത്തുന്നതിന് വേണ്ടിയാണത്' (14:37). ആരാധനയുടെ ആത്മാവ് ദൈവഭക്തിയും പ്രാർഥനയുമാണ്, എന്നാൽ ഇക്കൂട്ടരുടെ ആരാധനയിൽ ഇതുരണ്ടുമില്ല. വെറും മുട്ടുംവിളിയുമാണ് ആരാധന എന്ന പേരിൽ കാട്ടിക്കൂട്ടുന്നത്. കൈകൾ വായിൽ തിരുകി ചൂളമിടുകയാണ് مُكَآءً. കൈകൊട്ടാണ് تَصْدِيَةً. ഇബ്നു അബ്ബാസ് പ്രസ്താവിക്കുന്നു: 'നഗ്നരായി കൈകൊട്ടിയും ചൂളം വിളിച്ചുമായിരുന്നു ഖുറൈശികൾ കഅ്ബ പ്രദക്ഷിണം ചെയ്തിരുന്നത്. അവരുടെ ആരാധനാരീതികളിലൊന്നായിരുന്നു അത്. പ്രവാചകനെയും ശിഷ്യന്മാരെയും ശല്യപ്പെടുത്താനും പരിഹസിക്കാനും ഈ രീതിയിൽ അവർ കൂടുതൽ ആവേശം കാണിച്ചിരുന്നു.' സഈദുബ്നു ജുബൈർ പ്രസ്താവിക്കുന്നു: 'കഅ്ബാ പ്രദക്ഷിണത്തിലും നമസ്കാരത്തിലും അവർ നബി(സ)യോട് കൂടിച്ചേർന്ന് അദ്ദേഹത്തോട് മത്സരിക്കുകയും പരിഹസിക്കുകയും ചൂളമടിക്കുകയും ചെയ്തിരുന്നു.'

فَذُوقُوا۟ ٱلْعَذَابَ -ശിക്ഷ രുചിച്ചു കൊള്ളണം- എന്നതിലെ ശിക്ഷകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത് ഖുറൈശികളുടെ ബദ്ർ പരാജയമാണ്. പ്രമുഖരുടെ ജീവഹാനിയും ബന്ധനവും വമ്പിച്ച ധനനഷ്ടവും ഒരു ചെറിയ ഗോത്രത്തെ സംബന്ധിച്ചേടത്തോളം വമ്പിച്ച ശിക്ഷയായിരുന്നു. കഅ്ബയോടു കാണിച്ച അനാദരവിനും സത്യനിഷേധത്തിനും അല്ലാഹു ഈ ലോകത്തു നൽകിയ പ്രതിഫലമാണത്. അല്ലാഹുവിനോട് മാപ്പിരന്ന് സത്യത്തിലേക്കു മടങ്ങിവരാൻ ഇനിയും അവർക്കവസരമുണ്ട്. പാപമോചനം തേടാൻ ഖുറൈശികളോടുള്ള ഒരാഹ്വാനവും ഈ സൂക്തത്തിൽ ധ്വനിക്കുന്നു. തുടർന്ന് വരുന്ന 38-ാം സൂക്തത്തിൽ ഈ ആശയം ഇങ്ങനെ വെളിപ്പെടുത്തുന്നുണ്ട്:

قُل لِّلَّذِينَ كَفَرُوٓا۟ إِن يَنتَهُوا۟ يُغْفَرْ لَهُم مَّا قَدْ سَلَفَ

'ധിക്കാരികളോടു പറയുക, ഇനിയെങ്കിലും വിരമിക്കുകയാണെങ്കിൽ കഴിഞ്ഞുപോയതൊക്കെയും അവർക്കു പൊറുത്തു കൊടുക്കപ്പെടും.' ■